**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 625** **11-06-2024 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ തലത്തിൽ എം.എസ്.എം.ഇ. മേഖലയിൽ ബെസ്റ്റ് പ്രാക്ടീസ് അംഗീകാരം നേടിയ 'സംരംഭക വർഷം' പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | 2022-23 സംരംഭക വർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിരുന്നു. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരുലക്ഷം സൂക്ഷ്മ ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചു കൊണ്ട് 3 മുതൽ 4 ലക്ഷം വരെ തൊഴിൽ സൃഷ്ടിക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടിരുന്നു.<br><br>ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 1,39,840 പുതിയ സംരംഭങ്ങൾ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8422 കോടി രൂപയുടെ നിക്ഷേപവു 3,00,051 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>ഈ പദ്ധതിയുടെ തുടർച്ചയെന്നോണം സംരംഭക വർഷം 2.0 എന്ന പേരിൽ പദ്ധതി വിഭാവനം ചെയ്യുകയും സംരംഭകത്വം പ്രോഹത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ 103596 പുതിയ സംരംഭങ്ങൾ കേരളത്തിൽ രൂപീകരിക്കപ്പെട്ടു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 7048.65 കോടി രൂപയുടെ നിക്ഷേപവും 2,18,179 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. തുടർച്ചയായ രണ്ടാംവർഷവു സംസ്ഥാനത്തു ഒരുലക്ഷത്തിൽപ്പരം സംരംഭങ്ങൾ രൂപീകരിച്ചു കൊണ്ട് വ്യവസായ വകുപ്പ് അഭിമാന നേട്ടം കൈവരിച്ചു.<br><br>പദ്ധതിയുടെ 2 വർഷത്തെ കാലയളവിൽ കേരളത്തിൽ 2,43,436 പുതിയ സംരംഭങ്ങൾ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 15470 കോടി രൂപയുടെ നിക്ഷേപവും 5,18,231 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്<br><br>1. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖല സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും 1153 എന്റർപ്രൈസ് ഡെവലൊപ്മെന്റ് എക്സിക്യൂട്ടീവ് (EDE) മാരെ നിയമിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവൽകരണ പരിപാടികൾ, ലോൺ | |

ലൈസൻസുകൾ മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ EDE മാരുടെ ഉത്തരവാദിത്തത്തിലായിരിക്കും നടക്കുക. ഒരു തദ്ദേശസ്ഥാപന തലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട EDE- മാർക്ക് ലക്ഷ്യവും നൽകിയിട്ടുണ്ട്.

2. സംസ്ഥാനത്തെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.

3. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.

4. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

5. വ്യവസായവകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയു എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാ താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാവ്യവസായ കേന്ദ്രങ്ങളിലും 14 ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

6. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 4% പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു.

7. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ - ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.

8. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം വഴി 10 ഏക്കറിന് മുകളിൽ സ്ഥലവിസ്തൃതി കൈവശമുള്ള സ്വകാര്യമേഖലയിലുള്ള വ്യവസായികൾക്ക വ്യവസായ പാർക്കുകൾ ആരംഭിക്കാനുള്ള പെർമിറ്റ് നൽകി തുടങ്ങി.

9. കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി, മിഷൻ 1000 പദ്ധതിയും 2023-2024 വർഷ ആരംഭിച്ചു. ആദ്യപടിയായി ഇതുവരെ 149 സംരംഭങ്ങളെ തിരഞ്ഞെടുക്കയു ചെയ്തിട്ടുണ്ട്. തിരഞ്ഞെടുത്ത സംരംഭകളിൽ നിന്നും ആനുകൂല്യത്തി നായി അപേക്ഷകൾ സ്വീകരിച്ചു വരുന്നു

10. സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക (എം.എസ്.എം.ഇ)കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകടസാധ്യതകളിൽ നിന്ന സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻവേണ്ടി MSME ഇൻഷുറൻസ് പദ്ധതി വ്യവസായവകുപ്പ് ആരംഭിച്ചു ഇതുവരെ 2301 അപേക്ഷകൾ ലഭിക്കുകയും, 1089 അപേക്ഷകൾക്ക് അനുമതി നൽകുകയും , 822 അപേക്ഷകൾക്കുള്ള തുക വിതരണം ചെയ്യുകയും ചെയ്തു.

11. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉത്പ്പന്നങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതാത തദ്ദേശസ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച്

താല്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒര ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയ നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ച കൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികള നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായ സംസ്ഥാനത്തെ 400-ൽ പരം തദ്ദേശസ്ഥാപനങ്ങൾ ഉൽപ്പന്നങ്ങ തിരഞ്ഞെടുത്തു കഴിഞ്ഞു.

12. കേരളത്തിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾ/ നൽകുന്ന സേവനങ്ങ എന്നിവയ്ക്ക് ഒരു ആഗോള ഗുണനിലവാരം കൊണ്ട് വരികയും, അതുവഴി ഈ ഉത്പന്നങ്ങൾ/ സേവനങ്ങൾക്ക് അന്താരാഷ്ട്രവിപണിയിൽ ഉള്ള വിപണന സാധ്യത കൂട്ടുകയും എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് "കേരളാബ്രാൻഡ്". ഗുണമേന്മ, ധാർമ്മികത, ഉത്തരവാദിത്ത വ്യാവസായിക സമ്പ്രദായങ്ങൾ എന്നിവയിൽ കേരളത്തിന്റെ പ്രതിബദ്ധത ഇത് പ്രകടമാക്കുകയും സംസ്ഥാനത്തെ തദ്ദേശീയ ഉൽപന്നങ്ങൾക്ക് "MADE IN KERALA" എന്ന സവിശേഷ മായ ഐഡന്റിറ്റി സൃഷ്ടിച്ചു കൊണ്ട ആഗോള വിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന കേരളത്തിലെ സംരംഭങ്ങളെ പ്രാപ്തരാക്കുകയും ചെയ്യും. വെളിച്ചെണ്ണയാണ കേരളബ്രാൻഡ് നൽകുന്നതി നുള്ള ആദ്യ ഉല്പന്നമായി തിരഞ്ഞെടുത്തത്. മറ്റ ഉത്പന്നങ്ങൾക്ക് കേരളം ബ്രാൻഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾക്ക അന്തിമരൂപം നൽകുന്നതോടെ അവക്കും കേരളബ്രാൻഡ നൽകുന്നതായിരിക്കും.

13. സംസ്ഥാനത്തെ ഭൗമസൂചിക (GI) ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളു പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണ കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിങ പോർട്ടൽ ആരംഭിച്ചു.

2024 ജൂൺ 6 വരെയുള്ള കണക്ക് പ്രകാരം കേരളത്തിൽ 2,49,385 പുതിയ സംരംഭങ്ങൾ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 15899.83 കോടി രൂപയുടെ നിക്ഷേപവും 5,30,742 പുതിയ തൊഴിലവസരങ്ങള സൃഷ്ടിക്കപ്പെട്ടു.
പുതുതായി ആരംഭിച്ച സംരംഭങ്ങളിൽ മൂന്നിലൊന്ന് (79,286) വനിതാ സംരംഭകരുടേതാണ്.

പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒര മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായ വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിക്കുകയു നടപ്പിലാക്കി വരികയും ചെയ്യുന്നു. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ സംയോജനം കൂടുതൽ ശക്തിപ്പെടുത്തുന്നതിലൂടെയും വിവിധ മേഖലകളിൽ ശേഷിവികസനത്തിലൂടെയും, സാങ്കേതികവിദ്യ കൈമാറ്റം, ഗുണനിലവാര നിയന്ത്രണത്തിനായി കേരളബ്രാൻഡ് സർട്ടിഫിക്കേഷൻ സ്ഥാപിക്കുക എന്നിവയിലൂടെ വ്യവസായത്തിന് സുസ്ഥിരമായ ഒരു വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കാൻ പദ്ധതിയിടുന്നു.

<table>
<tr>
<td>(ബി)</td>
<td>പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;</td>
<td>(ബി)</td>
<td>ഉണ്ട്. സംരംഭകവർഷം 2022-23 ന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസിലാക്കിവേണ്ട സഹായങ്ങൾ നല്കുന്നതിനായി EDE (Enterprise Development Executive) മാർ എല്ലാ സംരംഭങ്ങളും സന്ദർശിക്കുകയും ഡാറ്റ കളക്ഷൻ നടത്തുകയുംചെയ്തു. ഇതോടൊപ്പം എല്ലാ സംരംഭത്തിന്റെയും ജിയോടാഗ്ഗിങ്ങും നടപ്പിലാക്കി. ഈ പഠന പ്രക്രിയയിലൂടെ കേരളത്തിലെ സംരംഭങ്ങളിൽ, തുടങ്ങി ആദ്യവർഷംതന്നെ പൂട്ടിപോകുന്ന സംരംഭങ്ങൾ 15% മാത്രമാണെന്ന് മനസിലാക്കാൻ സാധിച്ചു.</td>
</tr>
<tr>
<td>(സി)</td>
<td>ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിനും വായ്പ / സബ്സിഡി ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;</td>
<td>(സി)</td>
<td>സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ പറയുന്ന സഹായങ്ങൾ വ്യവസായ വകുപ്പ് വഴി നൽകി വരുന്നു.<br><br>
i) ONDC നെറ്റ് വർക്ക് മുഖേന ഓൺലൈൻ വിപണനം ചെയ്യുന്നതിനായി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ വിവിധ സെല്ലർആപ്പ് പോർട്ടലുകളിലേയ്ക്ക് ഓൺബോർഡ് ചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>
ii) ഗവൺമെന്റ് ഇ-മാർക്കറ്റ് (GeM) പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനായി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സഹായം നൽകി വരുന്നുണ്ട്.<br><br>
iii) കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി ഓൺലൈൻ വ്യാപാരത്തിനായി ഇ-പോർട്ടൽ (www.keralaemarket.org/ www.keralaemarket.org/www.keralaemarket.kerala.gov.in) നിലവിലുണ്ട്.<br><br>
iv) e-commerce പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകി വരുന്നുണ്ട്.<br><br>
v) കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തം ആക്കുന്നത് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>
vi) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി പ്രാദേശിക മേളകളും ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ വിപണി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ കേരളാ അഗ്രോഫുഡ്പ്രോയും നടത്തി വരുന്നു.<br><br>
സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് വായ്പ ലഭിക്കുന്നതിനായി വിവി വകുപ്പുകളുടെ വിവിധ പദ്ധതികൾ പ്രയോജനപ്പെടുത്താവുന്നതാണ്. ഇ സംബന്ധിച്ച കൈപ്പുസ്തകം തയ്യാറാക്കി, സംരംഭക അവബോധ പരിപാടിയി പങ്കെടുക്കുന്ന സംരംഭകർക്ക് നൽകി വരുന്നു<br><br>
പുതിയതായി ആരംഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും ലോൺ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി(SLBC) ചേർന്ന കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട് .<br><br>
സംരംഭങ്ങൾക്ക് വായ്പ ലഭിക്കുന്നത് ബാങ്കുകൾ മുഖേന ആണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വഴി സംരംഭങ്ങൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാകുന്നു. സംരംഭങ്ങൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നത് ബാങ്ക് ലോൺ തിരിച്ചടവിന്</td>
</tr>
</table>

| | | | |
|---|---|---|---|
| | | | സഹായകരം ആകുന്നതോടൊപ്പം ആനുകൂല്യങ്ങൾ സംരഭങ്ങൾക്ക് ലഭിക്കും എന്നത് ബാങ്ക് കളിൽ നിന്നും വായ്പ ലഭിക്കുന്നതിനു യൂണിറ്റുകൾക്ക് സഹായകരം ആകുകകയും ചെയ്യും. വ്യവസായ വകുപ്പ് വഴി സംരംഭകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>1. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി<br>2. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണി ഗ്രാന്റ്<br><br>3. സംരംഭക സഹായ പദ്ധതി (Entrepreneur Support Scheme)<br><br>4. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾ ക്കുള്ള സഹായ പദ്ധതി<br><br>5. നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം<br><br>6. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി<br><br>7. പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP)<br><br>8. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പുതിയ സംരംഭങ്ങളെ വിപുലപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി, മിഷൻ 1000 പദ്ധതിയും 2023-2024 വർഷം ആരംഭിച്ചു. ആദ്യപടിയായി ഇതുവരെ 149 സംരംഭങ്ങളെ തിരഞ്ഞെടുക്കയും ചെയ്തിട്ടുണ്ട്. തിരഞ്ഞെടുത്ത സംരംഭകളിൽനിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിച്ചു വരുന്നു.<br><br>സംരംഭക വർഷത്തിന്റെ ഭാഗമായി ഉല്പാദന മേഖലയിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ വിപുലീകരണ പ്രവർത്തനം നടത്തുക ആണ് എങ്കിൽ പ്രസ്തുത വിപുലീകരണപ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന സ്ഥിര മൂലധന നിക്ഷേപങ്ങൾക്ക് സംരംഭകസഹായ പദ്ധതി (Entrepreneur Support Scheme) പ്രകാരം പദ്ധതി നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ആയതിന് വിപുലീകരണ പ്രവർത്തനങ്ങൾ നടത്തി പ്രവർത്തനം ആരംഭിച്ച ശേഷം ഒരു വർഷത്തിനുള്ളിൽ സംരംഭം അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ